എഫ്.ഐ.ബി (1) 66/09.

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം,
തീയതി : 17..03..2009.

# സർക്കുലർ

വിഷയം:- കാട്ടു തീ പ്രതിരോധ പ്രവർത്തനങ്ങൾ – മാർഗ്ഗരേഖ – സംബന്ധിച്ച് –

സൂചന :- 1. ചീഫ് സെക്രട്ടറിയുടെ 3012/21/2009/വനം, 06..03..2009 ലെ സർക്കുലർ.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ E&TW1-2002/08, തീയതി 14..11..2008 ലെ സർക്കുലർ.

3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (D&P) Pro-12-925/09, തീയതി 26..02..2009 ലെ സർക്കുലർ.

പശ്ചിമഘട്ട മേഖലയിൽപ്പെടുന്ന നമ്മുടെ സംസ്ഥാനത്തെ വനങ്ങൾ അമൂല്യ ജൈവ സമ്പത്തിന്റെയും ജൈവ വൈവിദ്ധ്യത്തിന്റെയും കലവറയാണ്. ഈ വർഷത്തെ കൊടിയ വേനലും വേനൽമഴയുടെ അഭാവവും രൂക്ഷമായ വരൾച്ചയും ഈ പൈതൃക സമ്പത്തിന്റെ നിലനില്പിനുമേൽ ഭീഷണിയുടെ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. ദേശീയോദ്യാനങ്ങളും, വന്യജീവി സങ്കേതങ്ങളും, റിസർവ്വ് വനങ്ങളും എല്ലാം കാട്ടുതീയുടെ കടുത്ത ഭീഷണിയിൽ ആണ്. അനേകലക്ഷം വർഷങ്ങളുടെ പരിണാമത്തിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ജൈവസമുച്ചയത്തെ തീനാളങ്ങൾ വിഴുങ്ങുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കണക്കാക്കാൻ ആകാത്തതാണ്. അമൂല്യമായ ജൈവസമ്പത്തും, അവയെ നിലനിർത്തുന്ന മണ്ണും ജലവുമാണ് കാട്ടുതീ മൂലം നമുക്ക് എന്നെന്നേയ്ക്കുമായി നഷ്ടമാകുന്നത്. അതുകൊണ്ടുതന്നെ കാട്ടുതീ തടയുന്നതിനുവേണ്ടി കാര്യക്ഷമവും പ്രായോഗികവും ആയ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ഇത് മുൻകൂട്ടി കണ്ടുകൊണ്ട് 14..11..2008-ൽ E&TWT-2002-08 നമ്പരായി ഈ ഓഫീസിൽ നിന്നും അഗ്നിപ്രതിരോധത്തിനു സ്വീകരിക്കേണ്ട നടപടികളേയും സമീപനങ്ങളെയും കുറിച്ച് ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. കാട്ടുതീ തടയുന്നതിന് മൂവായിരത്തോളം വരുന്ന വനപാലകസംഘവും നാന്നൂറോളം വനസംരക്ഷണ സമിതികളും ഇരുന്നൂറോളം ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും സജീവമായി പ്രവർത്തിച്ചിട്ടും, ഉദ്ദേശം നാലായിരത്തോളം ഹെക്ടർ വനപ്രദേശത്ത് തീയുണ്ടായതതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ വർഷം കാലവർഷം യഥാസമയം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചാൽപ്പോലും ഇനിയും ഉദ്ദേശം രണ്ടരമാസക്കാലം തികഞ്ഞ ജാഗ്രത പുലർത്തേണ്ടതുണ്ട്. കാട്ടുതീ പടരാനുള്ള സാഹചര്യം വളരെ ഗൗരവമായി കണക്കിലെടുത്ത് വനമേഖലയുമായി ബന്ധപ്പെട്ട എല്ലാ ആളുകളെയും ജാഗരൂകരാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് വനം വകുപ്പ് 2009 മാർച്ച് 3 മുതൽ 17 വരെ കാട്ടുതീ ജാഗ്രതാ പക്ഷമായി ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കാട്ടുതീ സംരക്ഷണവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സൂചനയിലെ സർക്കുലറുകൾ മുഖേന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇവയ്ക്കു തുടർച്ചയായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. എല്ലാ വനം ഡിവിഷനുകളുടെയും വർക്കിംഗ് പ്ളാനുകളിലും, ദേശീയോദ്യാനങ്ങളുടെയും, വന്യജീവി സങ്കേതങ്ങളുടെയും മാനേജ്മെന്റ് പ്ളാനുകളിലും അഗ്നിപ്രതിരോധവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെയും തന്ത്രങ്ങളെയും സമീപനങ്ങളെയും സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങൾ ഈ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രായോഗികതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
2. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ വനവികസന പദ്ധതികളുടെ ഭാഗമായി

ഡിവിഷൻ, വന്യജീവി സങ്കേതം, ദേശീയോദ്യാനം, റെയിഞ്ച് തലങ്ങളിൽ ഫയർ പ്ളാനുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവയിൽ ഓരോ പരിപാലന പ്രദേശത്തെയും സ്വാഭാവിക വനങ്ങളുടെയും തോട്ടങ്ങളുടെയും ഇനവും വിസ്തൃതിയും, ഫയർ ബ്ളോക്കുകൾ, റോഡുകൾ, ആവാസ പ്രദേശങ്ങൾ, ജലസ്രോതസ്സുകൾ, കാട്ടുതീ ബാധിക്കാനുള്ള സാധ്യത കൂടിയ സ്ഥലങ്ങൾ, ഫയർ വാച്ച് ടവറുകൾ, ഫയർ ക്യാമ്പുകൾ ഏർപ്പെടുത്തേണ്ട പ്രദേശങ്ങൾ, പ്രത്യേക ദിവസങ്ങളിലെ ആഘോഷങ്ങളോടനുബന്ധിച്ച് ഏർപ്പെടുത്തേണ്ട അടിയന്തിര ക്രമീകരണങ്ങൾ, അഗ്നി പ്രതിരോധത്തിന് ലഭ്യമായ സ്ഥിരം സംവിധാനങ്ങൾ എന്നിങ്ങനെ സുപ്രധാന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടാകും. നിലവിൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരിക്കുന്നത് ഫയർ പ്ളാനുകളിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ഇവയുടെ അന്ത:സത്ത ഉൾക്കൊണ്ടുമാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും റെയിഞ്ചാഫീസർമാരും ഉറപ്പുവരുത്തണം.

3. മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഫയർപ്ളാനുകൾ ഓരോ വർഷവും പരിശോധനയ്ക്ക് വിധേയമാക്കണം. മുൻവർഷങ്ങളിലെ കാട്ടുതീ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കാട്ടുതീ ഉണ്ടാകാൻ സാദ്ധ്യത കൂടിയ പ്രദേശങ്ങൾ പുനർ നിർണ്ണയിക്കേണ്ടതായി വന്നേക്കാം. പ്രത്യേകിച്ചും പുതുതായി നിർമ്മിച്ച തോട്ടങ്ങൾ, കാട്ടുതീ കൂടുതലായി ബാധിക്കാവുന്ന ജനുസ്സുകൾ നട്ടിട്ടുള്ള തോട്ടങ്ങൾ, എന്നിവയിൽ കാട്ടുതീ ഉണ്ടായാൽ തോട്ടങ്ങൾ പൂർണ്ണമായി നശിക്കാനിടയുണ്ട്. ഇടവെട്ടും, തീർത്തുവെട്ടും നടത്തിക്കൊണ്ടിരിക്കുന്നതോ നടത്തിക്കഴിഞ്ഞതോ ആയ തോട്ടങ്ങൾ, അടച്ചുമുറിക്കലിനും, ഇടവെട്ടിനും മുന്നോടിയായി നടത്തുന്ന മാർക്കിംഗിനോടൊപ്പം കാടുവെട്ടുനടത്തിയ തോട്ടങ്ങൾ എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ ഇന്ധനലഭ്യത താരതമ്യേന കൂടുതലായിരിക്കുമെന്നതിനാൽ കാട്ടുതീ ഉണ്ടാകാനുള്ള സാദ്ധ്യതയും, തീ രൂക്ഷമാകാനുള്ള സാദ്ധ്യതയും കൂടുതലായതിനാൽ ഇവ മുൻകൂട്ടി നിശ്ചയിച്ച് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണ്. വനവാസികളുടെയും വന പ്രാന്തവാസികളുടെയും വനങ്ങളിലൂടെയുള്ള സഞ്ചാര പാതകൾ, ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങൾ, വനാന്തരങ്ങളിലുള്ള കോളനികളുടെ പരിസരങ്ങൾ, വൈദ്യുതി ലൈനുകൾ കടന്നുപോകുന്ന സ്ഥലങ്ങൾ, അന്തർസംസ്ഥാന വനാതിർത്തികൾ എന്നിവയെല്ലാം അഗ്നി സംരക്ഷണ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട പ്രദേശങ്ങൾ ആണ്.

4. കാട്ടുതീ ഉണ്ടാകുന്നതിന് വളരെയേറെ സാദ്ധ്യതയുള്ള സമയമാണ് വനാന്തരങ്ങളിലും വനപ്രാന്തങ്ങളിലും ഉള്ള ആരാധനാലയങ്ങളിലെ ഉത്സവക്കാലം. വനങ്ങൾക്കുള്ളിലും വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിലും സ്ഥിതിചെയ്യുന്ന ആരാധനാലയങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് സന്ദർശകരും ഭക്തരും അലക്ഷ്യമായി വലിച്ചെറിയുന്ന തീപ്പെട്ടിക്കൊള്ളിയും ചൂട്ടും മറ്റും വലിയ അഗ്നിബാധയ്ക്ക് കാരണമാകാറുണ്ട്. ഇതിനെ ഫലപ്രദമായി നേരിടുന്നതിന് മുൻകൂട്ടിയുള്ള ക്രമീകരണങ്ങളും പദ്ധതിയും ആവശ്യമാണ്. ഈ ദിവസങ്ങളിൽ ആ സ്ഥലത്ത് അധികാര പരിധിയുള്ള റെയിഞ്ച് സ്റ്റാഫ്, ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനിലെയും കൺസർവേറ്ററുടെയും പ്രത്യേക സ്ക്വാഡുകൾ എന്നിവ നല്ല പരസ്പര ധാരണയോടെ ക്യാമ്പ് ചെയ്ത് ജനങ്ങളെ കാട്ടുതീയ്ക്കെതിരെ ബോധവത്ക്കരിക്കുന്നതിനും, കാട്ടുതീ തടയുന്നതിനും നടപടി എടുക്കണം. ഇക്കാര്യത്തിൽ ആരാധനാലയം ഉൾപ്പെടുന്ന സ്ഥലത്തെ ഫോറസ്റ്റ് റെയിഞ്ചാഫീസർ തക്കതായ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. അഥവാ തീ ഉണ്ടാകുകയാണെങ്കിൽ അതു കെടുത്തുന്നതിന് അടുത്തുള്ള റെയിഞ്ചുകളിലെയും ഡിവിഷനുകളിലെയും സ്റ്റാഫുകളുടെ സേവനം കൂടി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉറപ്പുവരുത്തണം.

5. വനംവകുപ്പുദ്യോഗസ്ഥരും ഫയർ വാച്ചർമാരും ഫയർ സീസണിൽ വനപ്രദേശത്തു ക്യാമ്പു ചെയ്യുകയാണെങ്കിൽ ഒരു വലിയ പരിധി വരെ കാട്ടുതീ ഉണ്ടാകാതിരിക്കാനും അഥവാ ഉണ്ടായാൽ ഉടൻ തന്നെ കെടുത്തുന്നതിനും സാധിക്കും. കാട്ടുതീ ഉണ്ടാകുന്ന സ്ഥലത്ത് എത്തിച്ചേരാനുള്ള കാലതാമസമാണ് തീ പലപ്പോഴും നിയന്ത്രണാതീതമാക്കുന്നത്. മേൽ സൂചിപ്പിച്ച പ്രകാരം കാട്ടുതീ ഉണ്ടാകുന്നതിന്

സാദ്ധ്യതയേറിയ പ്രദേശത്തിനടുത്താണ് ഫയർ ക്യാമ്പുകൾ കഴിയുന്നതും സ്ഥാപിക്കേണ്ടത്. ഇത്തരം ക്യാമ്പുകളിൽ 5-6 ഫയർ വാച്ചറന്മാരും വനം ഉദ്യോഗസ്ഥനും ഉണ്ടായിരിക്കണം.

6. ഫയർ ക്യാമ്പുകളുടെ പ്രവർത്തനം സ്റ്റേഷൻ / സെക്ഷൻ തലത്തിലും റെയിഞ്ച് തലത്തിലും ഏകോപിപ്പിച്ചു നടപ്പാക്കണം. ഒരു കേന്ദ്രസ്ഥാനത്തു നിന്നും സൗകര്യപ്രദമായി ബ്ളോക്കിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് എത്താൻ കഴിയും വിധം ക്രമീകരിക്കുന്നത് ഫലപ്രദമായിരിക്കും. തൊട്ടടുത്ത ബ്ളോക്കുകളുമായി വിവരവിനിമയം നടത്താൻ കഴിയുന്ന വിധത്തിൽ ക്യാമ്പുകൾ ക്രമീകരിച്ചാൽ, വലിയ കാട്ടുതീ ഉണ്ടാകുമ്പോൾ തൊട്ടടുത്ത ബ്ളോക്കുകളിൽ നിന്നും കൂടുതൽ ആളെക്കൂട്ടി തീ കെടുത്താൻ സഹായകമാകും.

7. ഫയർ സീസണിനു മുമ്പായിത്തന്നെ ലഭ്യമായ ഫണ്ടുപയോഗിച്ച് തികെടുത്താൻ അവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഇവ ആവശ്യകതയനുസരിച്ച് എല്ലാ ഫയർ ക്യാമ്പുകളിലും എത്തുന്നുവെന്ന് റെയിഞ്ചാഫീസർ ഉറപ്പു വരുത്തണം. ഇപ്പോൾ ലഭ്യമായതും വാങ്ങുന്നതുമായ ഉപകരണങ്ങൾ പ്രവർത്തന സജ്ജവും ഉപയോഗ യോഗ്യവും ആണെന്നു കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. ഓരോ സീസണിലെയും ആവശ്യം കഴിഞ്ഞ് ഇവ നഷ്ടപ്പെടാതെ സ്റ്റേഷൻ / സെക്ഷനുകളിൽ സൂക്ഷിക്കുന്നുവെന്നും റെയിഞ്ചാഫീസർ ഉറപ്പാക്കണം. എല്ലാ ഫയർ ബ ്ളോക്കുകളിലെയും ഫയർ ക്യാമ്പുകളിൽ കാട്ടുതീ പ്രതിരോധത്തിലേർപ്പെട്ടിരിക്കുന്ന സംഘത്തിന് ഭക്ഷണവും കുടിവെള്ളവും എത്തിച്ചുകൊടുക്കാനുള്ള സംവിധാനവും ഏർപ്പെടുത്തണം.

8. അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഘടകമാണ് ആസൂത്രണം. മുൻവർഷങ്ങളിലെ വേനൽമഴയുടെ തീയതിയും അളവും, അന്തരീക്ഷ ഊഷ്മാവ്, അന്തരീക്ഷ ആർദ്രത, കാറ്റിന്റെ വേഗത തുടങ്ങിയവ അളക്കുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ഫയർ പ്ളാനിൽ ഉൾക്കൊള്ളിച്ച് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനും നടപടി ആവശ്യമാണ്. ഇതിനാവശ്യമായ മാപിനികളും ഉപകരണങ്ങളും സജ്ജീകരിക്കുന്നതും ഇപ്പോഴേ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതും വരും വർഷങ്ങളിലും പ്രയോജനകരമാകും.

9. ഈ വർഷം മുതൽ കാട്ടുതീ പ്രതിരോധ - സംരക്ഷണ പ്രവർത്തനങ്ങൾ പങ്കാളിത്ത രീതിയിൽ നടപ്പാക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ ഇതിനായി VSS / EDC കളെ നിയോഗിച്ചിട്ടുണ്ട്. VSS / EDC കൾ കാട്ടുതീ പ്രതിരോധ സംരക്ഷണ ജോലികൾ ഏറ്റെടുക്കുവാൻ കഴിയാത്ത അവസ്ഥയിലാണെങ്കിലോ, ഇത്തരം സമിതികൾ സജീവമല്ലെങ്കിലോ മാത്രം വനം ഉദ്യോഗസ്ഥർക്ക് നേരിട്ട് ജോലിക്കാരെ നിയോഗിച്ച് അഗ്നിസംരക്ഷണ പ്രവർത്തനങ്ങൾ നടത്താമെന്ന് രണ്ടാം ഖണ്ഡികയിൽ പരാമർശിച്ച സർക്കുലർ പ്രകാരം അറിയിച്ചിരുന്നു. ഇതിന്റെ അർത്ഥം VSS / EDC കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ വനം ഉദ്യോഗസ്ഥർക്ക് യാതൊരു ഉത്തരവാദിത്തവും ഇല്ല എന്നല്ല. VSS / EDC യെ കാട്ടുതീ പ്രതിരോധ ജോലികൾക്കായി നിയോഗിച്ച സ്ഥലങ്ങളിലും പ്രാഥമികമായ ഉത്തരവാദിത്തം വനം ഉദ്യോഗസ്ഥർക്കാണ് എന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. VSS / EDC അംഗങ്ങളെ നിയോഗിച്ചോ, നേരിട്ടുള്ള ജോലിക്കാരെ നിയോഗിച്ചോ വനപ്രദേശങ്ങളിലെ അഗ്നി പ്രതിരോധ സംരക്ഷണ പ്രവർത്തനങ്ങൾ വിജയകരമായി നടത്തേണ്ടത് വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ചുമതല തന്നെയാണ്.

10. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ പരിശീലനത്തിന് ഒരു പ്രധാന സ്ഥാനം നൽകണം. ഇതിനു മുന്നോടിയായി ഫോറസ്റ്റർ / ഫോറസ്റ്റ് ഗാർഡ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഒരു ദിവസത്തെ പരിശീലനം നൽകണം. തുടർന്ന് ഇപ്രകാരം പരിശീലനം നേടിയ വനം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ VSS / EDC അംഗങ്ങൾക്കും ഫയർ വാച്ചറന്മാർക്കും ഏകദിന പരിശീലന ക്ളാസ്സുകൾ സംഘടിപ്പിക്കണം. കാട്ടുതീ പ്രതിരോധത്തിലേർപ്പെട്ടിരിക്കുന്ന വാച്ചറന്മാർ, VSS / EDC അംഗങ്ങൾ എന്നിവർക്ക് ഒരു ഡ്രസ്സ് കോഡ് ആവശ്യമാണ്. ഫയർ സീസണിൽ

കാട്ടിനുള്ളിൽ ഇവരെ പെട്ടെന്ന് തിരിച്ചറിയുവാനും തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ഉദാത്തമായ പ്രവൃത്തിയെക്കുറിച്ച് ഇവരിൽ അഭിമാനം ജനിപ്പിക്കുന്നതിനും ഇതാവശ്യമാണ്. ഒലീവ് പച്ചനിറം പൊതുവായി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. VSS / EDC / FDA യുടെ അടയാള ചിഹ്നങ്ങൾ ഇതിലുണ്ടാകുന്നതും നല്ലതാണ്. സ്ഥലത്തെ സർക്കാരിതര സംഘടനകൾ, എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ് പോലെയുള്ളവയെക്കൂടി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുപ്പിക്കണം. എൻ.സി.സി., സ്കൗട്ട്സ് പോലെയുള്ള സംഘടനകളെ ഇത്തരം പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുമ്പോൾ ഭാവി പൗരന്മാരുടെ മനസ്സിൽ വനസംരക്ഷണത്തിന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്നതിനുള്ള അവസരമാണ് നമുക്ക് ലഭിക്കുന്നത്.

11. കാട്ടുതീയിൽ നിന്നും വനങ്ങളെ പ്രതിരോധിക്കുന്നതിന് ആചരണം പോലെ പ്രധാനമാണ് പ്രചാരണവും. കാട്ടുതീയ്ക്കെതിരായ പോസ്റ്ററുകൾ, ബോധവത്ക്കരണ ജാഥകൾ, മുദ്രാവാക്യങ്ങൾ, ലഘുനാടകങ്ങൾ, ലോഗോകൾ, തെരുവു നാടകങ്ങൾ എന്നിവ പ്രചാരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണം. പ്രാദേശികമായി ഇതുമായി ബന്ധപ്പെട്ട ലഘു ചിത്രങ്ങൾ പ്രദർശിപ്പിക്കണം. തിയേറ്ററുകളിൽ കാട്ടുതീ തടയുന്നതുമായി ബന്ധപ്പെട്ട സ്ലൈഡുകൾ പ്രദർശിപ്പിക്കണം. ജനങ്ങൾ കൂടുന്നതും ജനശ്രദ്ധ കൂടുതൽ പതിയുന്നതുമായ ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, കവലകൾ, റേഡിയോ കിയോസ്കുകൾ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ, ഗ്രാമീണ ചന്തകൾ എന്നിവിടങ്ങളിൽ അനുവദനീയമായ സ്ഥലത്തും, വനം ഓഫീസുകളിലും പോസ്റ്ററുകൾ, ബോർഡുകൾ, ബാനറുകൾ എന്നിവ പ്രദർശിപ്പിച്ച് കാട്ടുതീ പ്രതിരോധ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കണം. പ്രാദേശിക ടി.വി. കേബിളുകളുടെ സേവനവും പ്രയോജനപ്പെടുത്താം. കാട്ടുതീ സംരക്ഷണവുമായി ബന്ധപ്പെട്ട് തങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ, പ്രചാരമുള്ള പത്ര / ദൃശ്യ മാദ്ധ്യമങ്ങളുടെ തദ്ദേശീയ പ്രതിനിധികളുമായി കൈമാറുന്നത് സംരക്ഷണ സന്ദേശം ചെലവുകൂടാതെ ജനങ്ങളിൽ എത്തിക്കുന്നതിന് നല്ല മാർഗ്ഗമാണ്.

12. മറ്റെന്തൊക്കെ ചെയ്താലും, കാട്ടുതീയിൽ നിന്ന് വനങ്ങളെ സംരക്ഷിക്കുന്നത് തന്റെ പ്രാഥമിക കടമയാണെന്ന് തിരിച്ചറിഞ്ഞ് ഒരു വനം ഉദ്യോഗസ്ഥൻ വനപ്രദേശത്ത് ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോളം ഒന്നുംതന്നെ ഫലപ്രദമാകില്ല. ആയതിനാൽ കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങളിൽ സ്റ്റാഫുകൾ ആത്മാർത്ഥമായും സജീവമായും പങ്കെടുക്കുന്നുണ്ടെന്ന് ഫീൽഡ് സ്റ്റാഫിന്റെ ഡയറി പരിശോധിച്ചും വനപ്രദേശങ്ങളിൽ വിവിധ സമയത്ത് അപ്രതീക്ഷിത പരിശോധന നടത്തിയും റെയിഞ്ച് ഓഫീസർമാരും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണ്. എല്ലാ തലത്തിലുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും VSS / EDC അംഗങ്ങളുടെയും, ജോലിക്കാരുടെയും, പൊതുജനങ്ങളുടെയും യുദ്ധകാലാടിസ്ഥാ നത്തിലുള്ള ഒത്തൊരുമ കൊണ്ടും ആത്മാർത്ഥമായ കഠിനാദ്ധ്വാനം കൊണ്ടും മാത്രമേ നമ്മുടെ വിലമതിക്കാനാകാത്ത പൈതൃകമായ വനങ്ങളെ കാട്ടുതീ എന്ന മഹാ വിപത്തിൽ നിന്നും സംരക്ഷിക്കാനാകൂ. തീയിൽ നിന്നും നമ്മുടെ കാടുകളെ സംരക്ഷിക്കാനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും വിജയം നേരുന്നു.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.**